**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 401** **10-06-2024 - ൽ മറുപടിയ്ക്ക്**

**ബാറുകളുടെ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ബാറുകളുടെ എണ്ണം എത്രയാണ്; | (എ) | 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 748 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ നിലവിൽ വന്ന അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ 5 സ്റ്റാർ ക്ലാസിഫിക്കേഷൻ ഉണ്ടായിരുന്ന 29 ബാർ ലൈസൻസ് ഒഴികെയുള്ള ഹോട്ടലുകൾക്ക് ബിയർ & വൈൻ പാർലർ ലൈസൻസ് അനുവദിച്ച് നൽകുകയാണ് ഉണ്ടായത്. ഇത്തരത്തിൽ 2016-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകളും 813 ബിയർ & വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു. |
| (ബി) | പ്രസ്തുത സർക്കാരിന്റെ കാലയളവിൽ മുൻ സർക്കാരിന്റെ കാലത്ത് അടച്ചു പൂട്ടിയ എത്ര ബാറുകൾക്കാണ് പ്രവർത്തന അനുമതി നൽകിയത്; വിശദാംശം നൽകുമോ; | (ബി) | 2016-ൽ അധികാരത്തിൽ വന്ന സർക്കാരിന്റെ കാലയളവിൽ ബിയർ/ വൈൻ പാർലറായി മാറ്റിയ ബാർ ഹോട്ടലുകളിൽ 3 സ്റ്റാറോ അതിനു മുകളിലോ ക്ലാസ്സിഫിക്കേഷൻ നേടിയ 442 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി നയത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകുകയുണ്ടായി. |
| (സി) | ഒന്നാം പിണറായി സർക്കാരിന്റെ കാലയളവ് മുതൽ നാളിതു വരെ എത്ര ബാറുകൾക്ക് പുതിയതായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്; എത്ര ബാറുകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്; നിലവിൽ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ ? | (സി) | 2016-ൽ അധികാരത്തിൽ വന്ന സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ പുതിയതായി 303 ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളതും ബിയർ & വൈൻ പാർലറായി മാറ്റിയ ബാർ ഹോട്ടലുകളിൽ 3 സ്റ്റാറോ അതിനു മുകളിലോ ക്ലാസ്സിഫിക്കേഷൻ നേടിയ 480 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി നയത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതും, 2 ബാർ ലൈസൻസുകൾ റദ്ദ് ചെയ്തിട്ടുള്ളതുമാണ്. ആകെ അനുവദിച്ചിട്ടുള്ള 810 ബാർ ലൈസൻസുകളിൽ 8 ലൈസൻസുകൾ 2024-25വർഷത്തേക്ക് പുതുക്കിയിട്ടില്ല. നിലവിൽ സംസ്ഥാനത്ത് 802 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ